>> കുറിപ്പുകൾ

• ജലീൽ പടന്ന

# കർണാടകയുടെ വിധിനിർണയിക്കുന്ന തെരഞ്ഞെടുപ്പ്

**ഏഴു** മാസത്തിലേറെയായി രാഷ്ട്രപതി ഭരണം നിലനിൽക്കുന്ന കർണാടകയിൽ ഈ മാസം 25-ഓടു കൂടി പുതിയ ഭരണ കക്ഷിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയകൾ പൂർത്തിയാവും. ഒന്നാം ഘട്ടം മെയ് 10-ന് 89 മണ്ഡലങ്ങളിലും രണ്ടാം ഘട്ടം 16-ന് 66 മണ്ഡലങ്ങളിലും അവസാനഘട്ട തെരഞ്ഞെടുപ്പ് 22-ന് 69 മണ്ഡലങ്ങളിലും. 25-ന് വോട്ടെണ്ണൽ പൂർത്തിയാകുന്നതോടെ രാജ്യം ഉറ്റുനോക്കുന്ന മത്സരത്തിന്റെ ഫലമറിയാം.

സംഘ്പരിവാരത്തിന്റെ രാഷ്ട്രീയ രൂപമായ ബി.ജെ.പിക്ക് ദക്ഷിണേന്ത്യയിൽ സ്വാധീനമുള്ള ഏക സംസ്ഥാനമാണ് കർണാടക. 2004-ൽ നടന്ന തെരഞ്ഞെടുപ്പിൽ ആകെയുള്ള 224 സീറ്റിൽ 79 സീറ്റ് നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായ ബി.ജെ.പിയെ ഭരണത്തിൽനിന്ന് മാറ്റിനിർത്താൻ 65 സീറ്റ് നേടിയ കോൺഗ്രസും 59 അംഗങ്ങളുണ്ടായിരുന്ന ദേവഗൗഡയുടെ ജനതാദളും (എസ്) കൂട്ടുകക്ഷി മന്ത്രിസഭ രൂപീകരിക്കുകയായിരുന്നു. ചില്ലറ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ 2006 ജനുവരിയിൽ ധരംസിംഗ് മന്ത്രിസഭക്കുള്ള പിന്തുണ ജനതാദൾ പിൻവലിച്ചു. അവസരം പാത്തുകഴിയുകയായിരുന്ന ബി.ജെ.പി ഒട്ടും അമാന്തിച്ചില്ല. അധികാരക്കസേരയോട് ആർത്തി മൂത്ത് ഗൗഡ പുത്രൻ കുമാര സ്വാമിയെ മുഖ്യമന്ത്രിക്കസേരയിൽ അവരോധിക്കാൻ സഹായിക്കാമെന്ന വാഗ്ദാനവുമായി രംഗത്തുവന്നു. ബാക്കിയുള്ള കാലാവധിയുടെ നേർപകുതി മുഖ്യമന്ത്രിക്കസേര തങ്ങൾക്ക് നൽകണമെന്ന ഉപാധിയോടെ. ദേവഗൗഡക്കും മകൻ കുമാരസ്വാമിക്കും കൂടുതലൊന്നും ആലോചിക്കാനുണ്ടായിരുന്നില്ല. കാരണം അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുന്ന പാർട്ടിക്ക് ഇനി മുഖ്യമന്ത്രിപദം മരീചികയാണെന്ന്

**ദക്ഷിണേന്ത്യയിലെ മറ്റേതൊരു സംസ്ഥാനവും അടുത്ത കാലത്തൊന്നും തങ്ങൾക്ക് അനുകൂലമായ രീതിയിൽ പാകപ്പെടില്ലെന്ന തിരിച്ചറിവ് ബി.ജെ.പിക്ക് നല്ല പോലെയുണ്ട്. അതുകൊണ്ടാണ് മുഴുവൻ ശ്രദ്ധയും അവർ കർണാടകയിൽ കേന്ദ്രീകരിക്കുന്നത്. കൈയെത്തും ദൂരത്ത് എത്തിയ 'സൗഭാഗ്യം' എന്തു വിലകൊടുത്തും തട്ടിയെടുക്കാനുള്ള പ്രവർത്തനത്തിലാണ് അവർ. ബി.എസ് യദിയൂരപ്പ തന്നെയാണ് ബി.ജെ.പിയുടെ മുഖ്യമന്ത്രി സ്ഥാനാർഥി. ഷിമോഗ ജില്ലയിലെ ശിക്കാരിപുര മണ്ഡലത്തിൽ മത്സരിക്കുന്ന ഇദ്ദേഹത്തിന്റെ പ്രധാന എതിരാളി സമാജ്‌വാദി സംസ്ഥാന പ്രസിഡന്റ് കൂടിയായ മുൻ മുഖ്യമന്ത്രി എസ്. ബംഗാരപ്പയാണ്.**

ഗൗഡക്ക് നന്നായറിയാം. മുന്നിൽനിൽക്കുന്ന മഹാലക്ഷ്മിയെ തട്ടികളയരുതെന്ന് സ്നേഹനിധിയായ പിതാവ് വത്സല പുത്രനെ ഉപദേശിക്കുകയും ചെയ്തു.

എന്നാൽ തങ്ങൾ ഇതുവരെ ഉയർത്തിപ്പിടിച്ചിരുന്ന മതേതര നിലപാട് ചോദ്യം ചെയ്യപ്പെടുമെന്ന് കൂടെയുള്ളവർ ഉണർത്തി. ഈ കാര്യം ബോധ്യപ്പെടുത്താൻ ദൽഹിയിൽനിന്ന് സുരേന്ദ്ര മോഹനും ഇങ്ങ് കൽപറ്റയിൽനിന്ന് വീരേന്ദ്ര കുമാറും ബാംഗ്ലൂരിൽ പറന്നെത്തി. പക്ഷേ, ഫലം സ്വാഹ. 'കൊണ്ടുപോയി ഉപ്പിലിട് നിങ്ങളുടെ മതേതരത്വം' എന്ന് അഛനും മകനും ഒരുപോലെ മൊഴിഞ്ഞു. അതോടെ ഇന്ത്യൻ രാഷ്ട്രീയത്തിലെ വലിയൊരു പൊയ്മുഖം അടർന്നുവീണു. ജനതാദൾ പിളർന്നു, നേതാക്കളിൽ പലരും പ്രവർത്തകരിൽ വലിയൊരു വിഭാഗവും പാർട്ടി വിട്ടു. സിദ്ധാരാമയ്യ, എം.പി പ്രകാശ് തുടങ്ങിയ മുതിർന്ന നേതാക്കൾ കോൺഗ്രസ്സിൽ ചേക്കേറി. മറ്റു ചിലർ രാഷ്ട്രീയംതന്നെ മതിയാക്കി വനവാസത്തിനു പോയി.

2006 ഫെബ്രുവരിയിൽ കുമാരസ്വാമി കർണാടകയുടെ മുഖ്യമന്ത്രിയായി. ദൽഹിയിൽനിന്ന് എൽ.കെ അദ്വാനിയുടെയും ഗുജറാത്തിൽനിന്ന് നരേന്ദ്ര മോഡിയുടെയും അനുമോദന സന്ദേശങ്ങൾ അഛനെയും മകനെയും തേടിയെത്തി. സംസ്ഥാനത്തിന്റെ മുക്കുമൂലകളിൽ ബി.ജെ.പി-ജനതാദൾ പ്രവർത്തകർ ആഹ്ലാദ പ്രകടനം നടത്തി. പടക്കം പൊട്ടിച്ചു, മധുരപലഹാരം വിതരണം നടത്തി. ഉപമുഖ്യമന്ത്രിയായി ബി.ജെ.പിയുടെ ബി.എസ് യദിയൂരപ്പയും സ്ഥാനമേറ്റു. ഗൗഡയുടെ വിശ്വസ്തരും സിൽബന്ധികളും ഒപ്പം ബി.ജെ.പിയിലെ പ്രമുഖരും മന്ത്രിമാരായി. ഒരു വർഷക്കാലം കാര്യമായ പൊട്ടലും ചീറ്റലും ഇല്ലാതെ 'ദാമ്പത്യം' മുന്നോട്ടുപോയി. മുഖ്യമന്ത്രി പദം ബി.എസ് യദിയൂരപ്പക്ക് കൈമാറേണ്ട 2007 ജൂൺ മാസം അടുക്കുന്തോറും ദേവഗൗഡയുടെ സ്വഭാവത്തിൽ മാറ്റം കണ്ടുതുടങ്ങി.

നിസ്സാര കാര്യങ്ങൾക്കുപോലും കലഹം പതിവായി. പൊതുവേദികളിൽ പോലും മുഖ്യമന്ത്രിയും ഉപമുഖ്യമന്ത്രിയും പരസ്പരം മുഖം തിരിച്ച് ഇരുന്നു. മുഖ്യമന്ത്രിപദം കൈമാറുന്ന പ്രശ്നമേ ഇല്ലെന്ന് ദേവഗൗഡ തീർത്തു പറഞ്ഞു. സംസ്ഥാന രാഷ്ട്രീയം കുഴഞ്ഞുമറിഞ്ഞു. ദേവഗൗഡയുമായി ചർച്ച നടത്താൻ ബി.ജെ.പി ദേശീയ നേതൃത്വം ജസ്വന്ത് സിംഗിനെ ചുമലതപ്പെടുത്തി. രണ്ടാഴ്ചക്കാലം കർണാടക രാഷ്ട്രീയം കടുത്ത അനിശ്ചിതത്വത്തിൽ നീങ്ങി. ഇതിനിടയിൽ കോൺഗ്രസ്സിന്റെ പിന്തുണ തേടി അധികാരം നിലനിർത്താനുള്ള ശ്രമവും ദേവഗൗഡയും കുമാരസ്വാമിയും നടത്തി. എന്നാൽ, മുതിർന്ന കോൺഗ്രസ് നേതാക്കളിൽ ഭൂരിഭാഗവും ഗൗഡയുമായുള്ള കൂട്ടുകെട്ട് പാർട്ടിയെ നശിപ്പിക്കുമെന്ന അഭിപ്രായക്കാരായിരുന്നു. ഈ സാഹചര്യത്തിൽ ഒരു തെരഞ്ഞെടുപ്പിനെ നേരിട്ടാൽ പാർട്ടി നിലംതൊടില്ലെന്ന് കുമാരസ്വാമിക്ക് അറിയാമായിരുന്നു. ദേവഗൗഡയുടെയും മകന്റെയും അസാമാന്യമായ മെയ്‌വഴക്കം ബോധ്യപ്പെടുത്തുന്ന അഭ്യാസങ്ങളായിരുന്നു പിന്നീട് കണ്ടത്. വീണ്ടും ബി.ജെ.പിയുമായി ചർച്ച നടത്തുന്നു. എന്നാൽ അഛൻ തന്ത്രപൂർവം ഇതിൽനിന്നും മാറിനിൽക്കുന്നു. ഒടുവിൽ ബി.എസ് യദിയൂരപ്പക്ക് മുഖ്യമന്ത്രിപദം

കൈമാറാൻ തീരുമാനമെടുക്കുന്നു. ദക്ഷിണേന്ത്യയിലെ ബി.ജെ.പിയുടെ ആദ്യ മുഖ്യമന്ത്രിയാകാനുള്ള ചരിത്ര നിയോഗമാണ് യദിയൂരപ്പയെ തേടിയെത്തിയത്. ബി.ജെ.പിയുടെ ദേശീയ സംസ്ഥാന നേതൃപടയുടെ സാന്നിധ്യത്തിൽ യദിയൂരപ്പ കർണാടക മുഖ്യമന്ത്രിയായി ചുമതലയേറ്റു. എന്നാൽ സിംഹാസനത്തിൽ ഇദ്ദേഹത്തിന്റെ ആയുസ്സ് വെറും ഏഴു ദിവസം മാത്രമായിരുന്നു. ഏറ്റവും കൂടുതൽ അഴിമതി നടത്താനും കൈയിട്ട് വാരാനും അവസരമുള്ള ഉരുക്ക്-ഖനി വകുപ്പ് ലഭിക്കുന്നതിനെ ചൊല്ലി തർക്കം ഉടലെടുത്തു. കുമാരസ്വാമി വീണ്ടും അഭ്യാസം പുറത്തെടുത്തു. യദിയൂരപ്പ മൂക്കുംകുത്തി താഴെ!

മന്ത്രിസഭ പിരിച്ചുവിട്ട് സംസ്ഥാനത്ത് രാഷ്ട്രപതിഭരണം ഏർപ്പെടുത്തി. ഈ മാസം 27നാണ് രാഷ്ട്രപതിഭരണത്തിന്റെ കാലാവധി പൂർത്തിയാവുന്നത്.

### സഹതാപ തരംഗത്തിന്റെ പ്രതീക്ഷയിൽ ബി.ജെ.പി

'വിശ്വാസ വഞ്ചകർക്കെതിരെ ഞങ്ങൾക്ക് വോട്ടു ചെയ്യൂ' എന്നാണ് ബി.ജെ.പി അഭ്യർഥിക്കുന്നത്. ഒപ്പം ഹിന്ദുത്വ അജണ്ടയുടെ വക്താക്കളാണ് തങ്ങൾ എന്ന് ബോധ്യപ്പെടുത്താനും ഇവർ ശ്രമിക്കു

# കർണാടക മുസ്‌ലിം മുത്തഹിദ മഹാദ് (കെ.എം.എം.എം) സംഘ്പരിവാറിനെതിരെ മുസ്‌ലിം കൂട്ടായ്മ

**ജമാഅത്തെ** ഇസ്‌ലാമി നടത്തിയ കഠിനയത്നങ്ങൾക്കൊടുവിൽ സംസ്ഥാനത്തെ പ്രമുഖ മുസ്‌ലിം സംഘടനാ നേതാക്കളെ ഒന്നിച്ചിരുത്തി ഒരു പൊതുവേദിക്ക് രൂപം നൽകാനായി എന്നതാണ് ഈ തെരഞ്ഞെടുപ്പിനെ ശ്രദ്ധേയമാക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് കർണാടക, ജംഇയ്യത്ത് അഹ്‌ലെ ഹദീസ് കർണാടക, സുന്നീ ജംഇയ്യത്തുൽ ഉലമ, സുന്നീ ഉലമാ ബോർഡ്, അൻജുമൻ എ ഇമാമിയ്യ, ലജ്നത്തുൽ ഉലമാ കർണാടക, തബ്‌ലീഗ് ജമാഅത്ത്, മജ്‌ലിസുൽ ഉലമ കർണാടക, ജംഇയ്യത്തുൽ മഹ്ദവിയ്യ തുടങ്ങി 24 മുസ്‌ലിം സംഘടനകൾ ചേർന്ന് രൂപീകരിച്ച 'കർണാടക മുസ്‌ലിം മുത്തഹിദ മഹാദ്' മുസ്‌ലിം വോട്ടുകൾ ഏകീകരിപ്പിക്കാൻ ശ്രമം നടത്തിവരികയാണ്. ഇതിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ മണ്ഡലങ്ങളും സന്ദർശിച്ച് മുത്തഹിദ മഹാദിന്റെ ഘടകങ്ങൾക്ക് രൂപം നൽകി.

ബി.ജെ.പിയെ പരാജയപ്പെടുത്താൻ താരതമ്യേന ശക്തനായ മതേതര സ്ഥാനാർഥിക്ക് വോട്ട് നൽകുക എന്ന നിലപാടാണ് മുത്തഹിദ മഹാദ് കൈക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി സ്ഥാനാർഥി ജയിക്കുമെന്നുറപ്പുള്ള മണ്ഡലങ്ങളിൽ, രണ്ടാം സ്ഥാനത്തുള്ള ദുർബലനായ എതിരാളിയെ പിന്തുണക്കാതെ, മൂന്നാം സ്ഥാനത്തോ നാലാം സ്ഥാനത്തോ ഉള്ള പ്രഗത്ഭ സ്ഥാനാർഥിക്കായിരിക്കും വോട്ട്. കുടക് ജില്ലയിലെ വീരാജ്പേട്ട മണ്ഡലം ഈ ഗണത്തിൽ പെടും. ഏകദേശം 48000 മുസ്‌ലിം വോട്ടുകളുള്ള ഈ മണ്ഡലത്തിൽ ബി.ജെ.പിയുടെ വിജയസാധ്യത വളരെ ഏറെയാണ്. ബി.ജെ.പി സ്ഥാനാർഥിയായ കെ.ജി ബൊബ്ബയ്യക്ക് ഒട്ടും വെല്ലുവിളിയുയർത്താൻ കോൺഗ്രസ് സ്ഥാനാർഥിക്ക് കഴിയില്ല. മൂന്നാം സ്ഥാനത്ത് വരാൻ സാധ്യതയുള്ള ജനതാദൾ(എസ്)ന്റെ അരുൺ മാച്ചയ്യക്കും പ്രത്യേക ഗുണഗണങ്ങളൊന്നും എടുത്ത് പറയാനില്ല. ഇവിടെ വെറും നാലാം സ്ഥാനം മാത്രം പ്രതീക്ഷിക്കുന്ന ബി.എസ്.പി സ്ഥാനാർഥി കുഞ്ഞബ്ദുല്ലക്ക് വോട്ടുകൾ നൽകാനാണ് മുത്തഹിദ മഹാദിന്റെ തീരുമാനം. മുസ്‌ലിം വോട്ടു ബാങ്ക് ബോധ്യപ്പെടുത്തി സമ്മർദ ശക്തിയായി മാറുക എന്നതാണ് തന്ത്രം.

മുഴുവൻ മണ്ഡലങ്ങളുടെയും 1952 മുതലുള്ള സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്ന പഠന റിപ്പോർട്ട് തയാറാക്കി എന്നതാണ് ഇവർ നടത്തിയ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൊന്ന്. ഓരോ മണ്ഡലത്തിലെയും മുസ്‌ലിം വോട്ടുകൾ തിട്ടപ്പെടുത്തിയ ശേഷമാണ് വോട്ടർമാരെയും സമുദായ നേതൃത്വത്തെയും കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നത്.

കോൺഗ്രസ്, ജനതാദൾ ഉൾപ്പെടെയുള്ള മതേതര കക്ഷികളുടെ നേതാക്കളുമായി മുത്തഹിദ മഹാദ് നേതാക്കൾ പല വട്ടം ചർച്ച നടത്തുകയുണ്ടായി. ഇവരുടെ വോട്ടുകൾ ഭിന്നിക്കുന്നതു കൊണ്ട് മാത്രം ബി.ജെ.പി സ്ഥാനാർഥികൾ വിജയിക്കാൻ ഇടയുള്ള മണ്ഡലങ്ങളുടെ പട്ടിക പ്രത്യേകം തയാറാക്കി. ഈ കാര്യം നേതൃത്വത്തെ ബോധ്യപ്പെടുത്തി പരിഹാരം കാണാൻ ശ്രമം നടത്തി. എന്നാൽ മിക്കയിടങ്ങളിലും കീഴ്ഘടകങ്ങളുടെ ദുർവാശിക്കു മുന്നിൽ സംസ്ഥാന നേതൃത്വം മുട്ടുമടക്കി. എന്നാൽ ചിലയിടങ്ങളിലെങ്കിലും ഈ ശ്രമം ഫലം കണ്ടു. ബി.ജെ.പിയുടെ മുഖ്യമന്ത്രി സ്ഥാനാർഥിയായ ബി.എസ് യദിയൂരപ്പ മത്സരിക്കുന്ന ശിക്കാരിപുരം മണ്ഡലത്തിൽനിന്ന് കോൺഗ്രസ്, ജനതാദൾ (എസ്), ബി.എസ്.പി സ്ഥാനാർഥികളെ പിൻവലിപ്പിക്കാൻ മുത്തഹിദ മഹാദിന്റെ ഇടപെടൽ കൊണ്ടു സാധിച്ചു. സമാജ്‌വാദി പാർട്ടി സംസ്ഥാന പ്രസിഡന്റും മുൻ മുഖ്യമന്ത്രിയുമായ എസ്. ബംഗാരപ്പയാണ് യദിയൂരപ്പയുടെ ഏക എതിരാളി. മുഴുവൻ ബി.ജെ.പി ഇതര വോട്ടുകളും ഏകീകരിച്ചതോടെ യദിയൂരപ്പ ശരിക്കും വിയർക്കുകയാണ് ശിക്കാരിപുരയിൽ. രണ്ടാം ഘട്ടമായ മെയ് 16-നാണ് ഇവിടെ തെരഞ്ഞെടുപ്പ്.

മസ്ഊദ് ഖാനാണ് മുത്തഹിദ മഹാദിന്റെ ചെയർമാൻ. ബാംഗ്ലൂർ സിറ്റി ജുമാ മസ്ജിദ് ഖത്വീബ് സിയാഉർറഹ്മാൻ റശാദി, ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീർ മുഹമ്മദ് അബ്ദുല്ല ജാവേദ്, മൗലാന ഇഫ്തിഖാർ റഹ്മാനി തുടങ്ങിയവരാണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത് ആദ്യമായാണ് ഒരു മുസ്‌ലിം പൊതുവേദി യാഥാർഥ്യമാകുന്നത്. കൂട്ടുകക്ഷി മന്ത്രിസഭ തകർന്ന ഉടൻതന്നെ ഇതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ആദ്യമൊക്കെ പലരും മുഖം തിരിച്ചു നിന്നെങ്കിലും പിന്നീട് നിലപാട് മാറ്റേണ്ടിവന്നു. തീവ്രവും അപക്വവുമായ നിലപാട് സ്വീകരിക്കുന്ന എൻ.ഡി.എഫിന്റെ കർണാടക പതിപ്പായ കെ.എഫ്.ഡി (കർണാടക ഫോറം ഫോർ ഡിഗ്നിറ്റി)യെ മാറ്റിനിർത്തണം എന്ന കാര്യത്തിൽ പൊതുവേദിയുമായി സഹകരിക്കുന്ന 24 മുസ്‌ലിം സംഘടനകളുടെയും നേതൃത്വം ഒറ്റക്കെട്ടായിരുന്നു.

**ജലീൽ**

ന്നു. സംസ്ഥാനത്ത് പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കം കുറിക്കാൻ എത്തിയത് ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയാണ്. ഗ്രാമീണ മേഖലകളിലാണ് മോഡിയുടെ പ്രചാരണ പ്രവർത്തനങ്ങൾ കാര്യമായും സംഘടിപ്പിക്കപ്പെട്ടത്. ഗുജറാത്ത് മോഡലാണ് ഇവിടെയും പരീക്ഷിക്കാൻ പോകുന്നതെന്ന് സൂചന. ദേശീയ ചിന്തൻ ബൈഠക് മംഗലാപുരത്തിനടുത്ത ധർമസ്ഥലയിൽ സംഘടിപ്പിച്ചതിന്റെ ഉദ്ദേശ്യവും മറ്റൊന്നായിരുന്നില്ല. പ്രവീൺ തൊഗാഡിയയുടെ പൂർണ നിയന്ത്രണത്തിൽ നടന്ന ബൈഠക്കിൽ സംസ്ഥാനത്തെ ഹിന്ദുത്വ ഏകീകരണവും രാഷ്ട്രീയ ശാക്തീകരണവുമായിരുന്നു മുഖ്യ വിഷയം. സംസ്ഥാന ഭരണം ബി.ജെ.പിക്ക് നേടിക്കൊടുക്കുന്ന ഒരു മാസ്റ്റർ പ്ലാനോടുകൂടിയാണ് ചിന്തൻ ബൈഠക് സമാപിച്ചത്. ഇതിന്റെ ഭാഗമായിരുന്നു 2006 ഒക്ടോബർ നാലു മുതൽ പത്തു വരെ ഒരാഴ്ചക്കാലം മംഗലാപുരത്തും പരിസരങ്ങളിലുമായി നടന്ന വർഗീയകലാപങ്ങൾ എന്ന് ദേശീയ മാധ്യമങ്ങൾ അന്ന് റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്നും നിരവധി കലാപങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറി. സഹകരിച്ചു കഴിയുന്ന മതവിഭാഗങ്ങളെ പരസ്പരം അകറ്റി, മുസ്‌ലിംകൾക്കെതിരായ വികാരമിളക്കിവിട്ട്, ഹിന്ദുത്വയുടെ പേരിൽ വോട്ടുകൾ ഏകീകരിച്ച് രാഷ്ട്രീയനേട്ടം കൊയ്യാമെന്നാണ് സംഘ്പരിവാറിന്റെ കണക്കുകൂട്ടൽ.

ദക്ഷിണേന്ത്യയിലെ മറ്റേതൊരു സംസ്ഥാനവും അടുത്ത കാലത്തൊന്നും തങ്ങൾക്ക് അനുകൂലമായ രീതിയിൽ പാകപ്പെടില്ലെന്ന തിരിച്ചറിവ് ബി.ജെ.പിക്ക് നല്ല പോലെയുണ്ട്. അതുകൊണ്ടാണ് മുഴുവൻ ശ്രദ്ധയും അവർ കർണാടകയിൽ കേന്ദ്രീകരിക്കുന്നത്. കൈയെത്തും ദൂരത്ത് എത്തിയ 'സൗഭാഗ്യം' എന്തു വിലകൊടുത്തും തട്ടിയെടുക്കാനുള്ള പ്രവർത്തനത്തിലാണ് അവർ. ബി.എസ് യദിയൂരപ്പ തന്നെയാണ് ബി.ജെ.പിയുടെ മുഖ്യമന്ത്രി സ്ഥാനാർഥി. ഷിമോഗ ജില്ലയിലെ ശിക്കാരിപുര മണ്ഡലത്തിൽ മത്സരിക്കുന്ന ഇദ്ദേഹത്തിന്റെ പ്രധാന എതിരാളി സമാജ്‌വാദി സംസ്ഥാന പ്രസിഡന്റ് കൂടിയായ മുൻ മുഖ്യമന്ത്രി എസ്. ബംഗാരപ്പയാണ്. ബംഗാരപ്പക്ക് നല്ല സ്വാധീനമുള്ള മണ്ഡലമാണിത്. അതുകൊണ്ടുതന്നെ സംസ്ഥാനം ഉറ്റുനോക്കുന്ന ഏറ്റവും വാശിയേറിയ പോരാട്ടമാണ് ഇവിടെ നടക്കുന്നത്.

## കോൺഗ്രസ്സിന് പ്രതീക്ഷ മുസ്‌ലിം വോട്ടുകളിൽ

കോൺഗ്രസ്സിന്റെ പ്രധാന പ്രതീക്ഷ മുസ്‌ലിം വോട്ടുകളാണ്. ഇവിടത്തെ ന്യൂനപക്ഷ വിഭാഗങ്ങൾ നേരത്തെ രാഷ്ട്രീയമായി പിന്തുണച്ചിരുന്നത് ജനതാദളിനെയായിരുന്നു. ഇത് പലതായി പിളർന്നപ്പോഴും ദേവഗൗഡയുടെ ദളിന്റെ പിന്നിൽ അവർ ഉറച്ചുനിന്നു. എന്നാൽ ബി.ജെ.പിയുമായി കൂട്ടുകൂടിയതും പിന്നീട് കാണിച്ച നെറികേടുമൊക്കെ ന്യൂനപക്ഷ വിഭാഗങ്ങളെ തെല്ലൊന്നുമല്ല അസ്വസ്ഥപ്പെടുത്തിയത്. ജനതാദളിനെ വിശ്വാസത്തിലെടുക്കേണ്ടതില്ല എന്ന ഉറച്ച തീരുമാനത്തിലാണ് ഇപ്പോൾ മുസ്‌ലിംകൾ. ഇടതുപക്ഷം തീരെ ശക്തമല്ലാത്തതുകാരണം മത ന്യൂനപക്ഷങ്ങൾ കോൺഗ്രസ്സിനെ പിന്തുണക്കാൻ നിർബന്ധിതരാണ്. ഇത് മുതലെടുക്കാൻ കോൺഗ്രസിന് എത്രത്തോളം സാധിക്കും എന്ന് കണ്ടറിയണം.

കടുത്ത വർഗീയ ഫാഷിസ്റ്റ് നിലപാട് പച്ചയായി പ്രകടിപ്പിക്കുന്ന ബി.ജെ.പി ഒരു ഭാഗത്തും, മതേതരത്വം വെറും പൊയ്മുഖം മാത്രമായിരുന്നു എന്ന് തെളിയിച്ച ജനതാദൾ മറ്റൊരു ഭാഗത്തും നിലയുറപ്പിച്ചപ്പോൾ, ഈ വിഷയങ്ങളിൽ താരതമ്യേന അൽപം മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന കോൺഗ്രസ്സിനെ തുണക്കുക എന്നത് സ്വാഭാവിക യുക്തി മാത്രമാണ്. കോൺഗ്രസ്സിന്റെ മൃദു ഹിന്ദുത്വവും സാമ്രാജ്യത്വ വിധേയത്വവും കാണാതെ പോകുന്നു എന്ന് ഇതിനർഥമില്ല. കോൺഗ്രസ്സിന് തെറ്റുതിരുത്താനുള്ള അവസരമാണിത്. അവരത് ഉപയോഗപ്പെടുത്തുകയാണെങ്കിൽ സംസ്ഥാന രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾക്ക് അത് കാരണമാവും.

സംസ്ഥാന രാഷ്ട്രീയത്തിൽ ഏറ്റവും നിർണായകമായ സ്വാധീനം ഉണ്ടായിരുന്ന കക്ഷിയായിരുന്നു കോൺഗ്രസ്. ദന്തഗോപുരങ്ങളിലിരുന്ന് പാർട്ടിയെ ചലിപ്പിക്കാൻ ശ്രമിക്കുന്നു എന്നതാണ് ഇവരുടെ പോരായ്മ. താഴേക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഇടപെടാൻ ഇവർ സമയം കണ്ടെത്താറില്ല. പാർട്ടിക്കകത്ത് സ്വന്തമായ സാമ്രാജ്യം സ്ഥാപിച്ചെടുത്ത് ഓരോരുത്തരും ചുറ്റിലും സ്തുതിപാഠകരെ പ്രതിഷ്ഠിക്കും. സ്തുതിപാഠകർക്ക് സീറ്റ് വാങ്ങിച്ചുകൊടുക്കാനുള്ള പഞ്ചഗുസ്തി മത്സരമാണ് സ്ഥാനാർഥി നിർണയ കളരിയിൽ അരങ്ങേറിയത്. ഒടുവിൽ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്ക് മൂന്നു ദിവസം മുമ്പാണ് സ്ഥാനാർഥി പട്ടിക പ്രഖ്യാപിച്ചത്. മരുമകൻ വഹാബിന് സീറ്റ് നൽകാത്തതിനെ തുടർന്ന് പാർട്ടിയിൽനിന്ന് രാജിവെച്ച മുതിർന്ന നേതാവും മുൻ റെയിൽവേ മന്ത്രിയുമായ ജാഫർ ശരീഫ്, മഹാരാഷ്ട്ര ഗവർണർ സ്ഥാനമോ അല്ലെങ്കിൽ സുഊദി അറേബ്യയുടെ അംബാസഡർ സ്ഥാനമോ നൽകാമെന്ന് ദൽഹിയിലേക്ക് വിളിപ്പിച്ച് സോണിയാ മാഡം പറഞ്ഞതോടെ രാജി പിൻവലിച്ച് വെളുക്കെ ചിരിച്ച് പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായി. എസ്.എം കൃഷ്ണയെ കൊണ്ടുവന്നതിലൂടെ, ഭരണം ലഭിച്ചാൽ മുഖ്യമന്ത്രി എന്ന ധ്വനിയാണ് ഹൈക്കമാന്റ് നൽകിയത്. കഴിഞ്ഞ തവണ ഇദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ ഗ്രാമീണ മേഖലകളെ അവഗണിച്ചു എന്ന പരാതി ഉയർന്നിരുന്നു. ഹൈടെക് മുഖ്യമന്ത്രി എന്ന മുദ്ര ഇദ്ദേഹത്തെ ഇപ്പോഴും വേട്ടയാടുന്നുണ്ട്.

ഇതിനിടെ *എൻ.ഡി* ടി.വിയും *ഡെക്കാൻ ഹെറാൾഡ്* പത്രവും ചേർന്ന് നടത്തിയ എക്സിറ്റ് പോൾ കോൺഗ്രസ്സിന് നേരിയ ഭൂരിപക്ഷം പ്രവചിക്കുന്നു.

## ജനതാദൾ പ്രതിരോധത്തിൽ

സംസ്ഥാനത്ത് നിരവധി തവണ ഭരണത്തിലേറിയ ജനതാദൾ (എസ്) ഈ തെരഞ്ഞെടുപ്പിൽ തീർത്തും പ്രതിരോധത്തിലാണ്. കഴിഞ്ഞ തവണ 59 സീറ്റ് നേടിയ പാർട്ടിക്ക് ഇത്തവണ ഇതിന്റെ പകുതി പോലും നിലനിർത്താനാവുമോ എന്ന് സംശയമാണ്. മൂല്യവും സത്യസന്ധതയും ബലികഴിച്ച ഒരു രാഷ്ട്രീയ പാർട്ടിയുടെ തികച്ചും സ്വാഭാവികമായ അന്ത്യമാണ് ഈ തെരഞ്ഞെടുപ്പിലൂടെ നടക്കാൻ പോകുന്നത്. കർണാടക രാഷ്ട്രീയത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും പാഠമായി ഈ ദാരുണ അന്ത്യം ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കും. ഒട്ടും സഹതാപമില്ലാതെയാവും ജനതാദളിനെ ജനം കൈകാര്യം ചെയ്യുക.

എന്നാൽ തെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്തോറും തെളിഞ്ഞു വരുന്നത് ആർക്കും ഭൂരിപക്ഷമില്ലാത്ത ഒരു തൂക്കു നിയമസഭയാണ്. തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിനു മുമ്പ് സംഘടനാ മിഷനറി പൂർണമായും നിർജീവമായിരുന്ന കോൺഗ്രസ് ഇപ്പോൾ ഉണർന്ന് കഴിഞ്ഞിട്ടുണ്ട്. വളരെ ചെറിയ മാർജിനിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. ഇങ്ങനെവന്നാൽ 20-ൽ താഴെ മാത്രം സീറ്റുകളുണ്ടെങ്കിൽ പോലും ജനതാദൾ (എസ്) വീണ്ടും വിലപേശൽ ശക്തിയായി സംസ്ഥാന രാഷ്ട്രീയത്തിൽ അൽപകാലം കൂടി നിറഞ്ഞാടിയെന്നും വരാം.

jaleelpadanna@gmail.com